T- 48 Doc No: 4991/2021

भारतीय गैर न्यायिक INDIA NON JUDICIAL

भारत

रु. 25000
पच्चीस हजार रुपये

Rs. 25000
TWENTY FIVE THOUSAND RUPEES

सत्यमेव जयते

INDIA

കേരളം केरल KERALA

C 690187

## തീറാധാരം

### വിൽക്കുന്ന വ്യക്തികൾ

**എസ്.യാസിർ**



**എ.കെ.സജിത**



### വാങ്ങുന്ന വ്യക്തികൾ

**മുഹമ്മദ് സിയാദുൽ റഹ്മാൻ പി.പി**



**മുഹമ്മദ് നൗസൽഖാൻ പി.പി**



**17.03.2021 രണ്ടായിരത്തി ഇരുപത്തി ഒന്ന് മാർച്ച് മാസം പതിനേഴാം തീയ്യതി**

**1.എസ്.യാസിർ**

**2.എ.കെ.സജിത**

No 10561
10.3.2021

മുഹമ്മദ് സിയാദുൽ റഹ്മാൻ പി.പി
പെരുമ്പള്ളി
അഞ്ചോത്ത് പി.ഒ. Rs.25,000/-

SIMI. P.S.
Stamp Vendor
Panavally
27 FEB 2021

SUB TREASU...

भारतीय गैर न्यायिक INDIA NON JUDICIAL

भारत

रु.5000 Rs.5000

पाँच हजार रुपये FIVE THOUSAND RUPEES

सत्यमेव जयते

INDIA

കേരളം केरल KERALA B 641814

2.

1.ആലപ്പുഴ ജില്ലയിൽ,ചേർത്തല താലൂക്കിൽ,പാണാവള്ളി വില്ലേജിൽ,പാണാവള്ളി മുറിയിൽ,പൂച്ചാക്കൽ പി.ഒ,പിൻ കോഡ് നമ്പർ 688526,ഷെറീഫ് മൻസിൽ താമസം ഷെറഫുദ്ദീൻ മകൻ സർക്കാർ ജോലി 45 നാൽപ്പത്തഞ്ചു വയസ്സുള്ള എസ്.യാസിർ (ആധാർ കാർഡ് നമ്പർ 9868 0620 5335)

2.ആലപ്പുഴ ജില്ലയിൽ,ചേർത്തല താലൂക്കിൽ,പാണാവള്ളി വില്ലേജിൽ,പാണാവള്ളി മുറിയിൽ,പൂച്ചാക്കൽ പി.ഒ,പിൻ കോഡ് നമ്പർ 688526,ഷെറീഫ് മൻസിൽ താമസം എസ്.യാസിർ ഭാര്യ ഗൃഹഭരണം 38 മുപ്പത്തി എട്ടു വയസ്സുള്ള എ.കെ.സജിത (ആധാർ കാർഡ് നമ്പർ 8201 6283 1339)എന്നിവർ ചേർന്ന്

1.എസ്.യാസിർ [signature] 2.എ.കെ.സജിത [signature]

[signature]

SIMI. P.S.
Stamp Vendor
Panavelly

നം. 10562
10.3.2024

മുഹമ്മദ് സിയാദുൽ റഹ്മാൻ പി.പി
പെരുമ്പളി
[illegible] പി.ഒ. Rs.5000/-

1.കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപ് സമൂഹത്തിൽ ആന്ത്രോത്ത് ദ്വീപിൽ, ആന്ത്രോത്ത് പി.ഒ,പിൻ കോഡ് നമ്പർ 682551,ചെമ്മച്ചേരി ഏരിയ,പെരുമ്പള്ളി വീട്ടിൽ പരേതനായ ചെറിയകോയ മകൻ പൊതുമേഖലയിൽ ജോലി 35 മുപ്പ ത്തി അഞ്ചു വയസ്സുള്ള മുഹമ്മദ് സിയാദുൽ റഹ്മാൻ പി.പി (ആധാർ കാർഡ് നമ്പർ 6393 9334 5595)

2.കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപ് സമൂഹത്തിൽ ആന്ത്രോത്ത് ദ്വീപിൽ, ആന്ത്രോത്ത് പി.ഒ,പിൻ കോഡ് നമ്പർ 682551,ചെമ്മച്ചേരി ഏരിയ,പെരുമ്പള്ളി വീട്ടിൽ പരേതനായ ചെറിയകോയ മകൻ ഇന്ത്യൻ നേവിയിൽ ജോലി 22 ഇരുപത്തി രണ്ടു വയസ്സുള്ള മുഹമ്മദ് നൗസർഖാൻ പി.പി (ആധാർ കാർഡ് നമ്പർ 7136 0360 4497)എന്നിവർ പേർക്ക് നൽകുന്ന തീറാധാരം.

എഴുപുന്ന വില്ലേജ് സർവ്വെ നമ്പർ 144/1 ലെ 03.76 ആർസ് വിസ്തീർണ്ണമുള്ള പുരയിടവും,അതിലുള്ള വൃക്ഷങ്ങളും,സകല അവകാശങ്ങളും സഹിതം എഴു പുന്ന മുറിയിൽ,പുത്തൻവീട്ടിൽ പാറായിൽ ഇരിക്കും തൃശ്ശീവപേരൂർ ചാലി ശ്ശേരിൽ ജോൺ തരകന്റെ ഭാര്യ മേരി തരകസ്യാരിൽ നിന്നും കുത്തിയതോട് സബ് രജിസ്ട്രാഫീസിൽ 2007 ലെ ഒന്നാം പുസ്തകം 1406-ാം വാല്യം 233 മുതൽ 237 വരെ പേജുകളിൽ 1704-ാം നമ്പരായി രജിസ്റ്റർ ചെയ്തു വാങ്ങിയ തീറാധാര പ്രകാരം ഞങ്ങൾക്ക് കൂട്ടായി ഉടമസ്ഥാവകാശം സിദ്ധിച്ച് എഴുപുന്ന വില്ലേജിൽ 17435-ാം നമ്പർ തണ്ടപ്പേരിൽ പോക്കു വരവ് ചെയ്ത് സർവ്വെ നമ്പർ 144/1-2 ൽ 03.76 ആർസിന് ഞങ്ങളുടെ പേരിൽ കൂട്ടായി ഭൂ നികുതി അടച്ച് സകല വിധ ക്രയ വിക്രയ സർവ്വ സ്വാതന്ത്ര്യത്തോട് കൂടി പരിപൂർണ്ണ ഉടമസ്ഥ രായി ഞങ്ങൾ കൂട്ടായി കൈവശം വെച്ചനുഭവിച്ചു വരുന്നതാകുന്നു.

ഏതുവിധമായ കരണങ്ങൾ ചെയ്യുന്നതിനും പ്രതിഫലം പറ്റി ഹിതാനുസരണം കൈമാറ്റം ചെയ്യുന്നതിനും ഞങ്ങൾക്ക് മാത്രം പൂർണ്ണ അധികാരവും അർഹത യുമുള്ള പ്രസ്തുത പുരയിടത്തിൽ നിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന

1.എസ്.യാസിർ (signature) 2.എ.കെ.സജിത (signature)

പുരയിടത്തിനും,സകല അവകാശങ്ങൾക്കും കൂടി Rs.374,000/-മൂന്നു ലക്ഷത്തി എഴുപത്തി നാലായിരം രൂപയും,ടി.പുരയിടത്തിലുള്ള വൃക്ഷങ്ങൾക്ക് Rs.1,000/-ആയിരം രൂപയും സഹിതം പട്ടിക വസ്തു വകകൾക്ക് ആകെ Rs.375,000/-മൂന്നു ലക്ഷത്തി എഴുപത്തയ്യായിരം രൂപ വില നിശ്ചയിച്ച് നിങ്ങൾക്ക് തീറ് തരുവാനും ടി.പ്രതിഫലത്തിന് പ്രസ്തുത വസ്തു വകകൾ നിങ്ങൾ വാങ്ങുവാനും നമ്മൾ എല്ലാവരും കൂടി സമ്മതിച്ച് ഉറപ്പിച്ച പ്രതിഫല തുകയിൽ നിങ്ങളിൽ ഒന്നാം പേരുകാരന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ആഫ് ഇന്ത്യ കാലിക്കറ്റ് ബേപ്പൂർ ശാഖയിലെ 32965751770-ാം നമ്പർ ബാങ്ക് അക്കൗണ്ടിൽ നിന്നും സ്റ്റേറ്റ് ബാങ്ക് ആഫ് ഇന്ത്യ അരൂർ ശാഖയിലെ 20279021922-ാം നമ്പരായുള്ള ഞങ്ങളിൽ ഒന്നാം പേരുകാരന്റെ ബാങ്ക് അക്കൗണ്ട് മുഖേന Rs.75,000/-എഴുപത്തയ്യായിരം രൂപയും, ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് പൂച്ചാക്കൽ ശാഖയിലെ 10510100222518-ാം നമ്പരായുള്ള ഞങ്ങളിൽ രണ്ടാം പേരുകാരിയുടെ ബാങ്ക് അക്കൗണ്ട് മുഖേന Rs.300,000/-മൂന്നു ലക്ഷം രൂപയും സഹിതം പ്രതിഫല തുക പൂർണ്ണമായും നിങ്ങളിൽ നിന്നും ഞങ്ങൾ കൈപ്പറ്റി ബോദ്ധ്യപ്പെട്ടതിനാൽ താഴെ പട്ടികയിൽ വിവരിക്കുന്ന വസ്തു വകകളിൽ ഞങ്ങൾക്കുള്ള സർവ്വവിധ ഉടമസ്ഥാവകാശങ്ങളും അധികാരങ്ങളും കൈവശാനുഭവങ്ങളും ഇതിനാൽ പരിപൂർണ്ണമായി വിട്ടൊഴിഞ്ഞ് ഇന്നേ ദിവസം നിങ്ങൾക്ക് വിൽപ്പന നടത്തി നിങ്ങളുടെ കൈവശാധീനതയിൽ എൽപ്പിച്ച് വിട്ടു തന്നിരിക്കുന്നു.

പട്ടിക വസ്തുക്കളിൽ സ്ഥാപിച്ച് ഇന്നു മുതൽ ഞങ്ങൾക്കോ,ഞങ്ങളുടെ അനന്തരാവകാശികൾക്കോ ഞങ്ങളുടെ പേരിൽ മറ്റാർക്കും തന്നെയോ യാതൊരുവിധ അധികാരാവകാശങ്ങളും ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

1.എസ്.യാസിർ

2.എ.കെ.സജിത

ഈ ആധാര പ്രകാരം പട്ടിക വസ്തു വകകൾ ഇന്നു മുതൽ പരിപൂർണ്ണ ഉട മസ്ഥരായി നിങ്ങൾ കൂട്ടായി കൈവശം വെച്ച് പോക്കു വരവ് ചെയ്ത് പുതിയ തണ്ടപ്പേർ പിടിച്ച് കരം തീർക്കുന്നതിനും,ക്രയ വിക്രയാദി സർവ്വ സ്വാത ന്ത്ര്യ അവകാശങ്ങളോട് കൂടി അടക്കി അനുഭവിച്ചു കൊള്ളുന്നതിനും ഇതി നാൽ ഞങ്ങൾ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

പട്ടിക വസ്തുക്കളുടെ പ്രതിഫലം സംബന്ധിച്ച് തർക്കങ്ങൾ ഒന്നും തന്നെ ഭാവി യിൽ ഉണ്ടാക്കുന്നതല്ലെന്നും,പട്ടികയിൽ വിവരിക്കുന്ന വസ്തു വകകൾക്ക് യാതൊരുവിധ ബാദ്ധ്യതകളില്ലെന്നും,ബാങ്കുകളിൽ പണയപ്പെടുത്തിയിട്ടില്ലെ ന്നും,റവന്യൂ റിക്കവറി,ലാന്റ് അസൈൻമെന്റ് ,ലാന്റ് അക്വിസിഷൻ തുടങ്ങിയ നട പടികളിലും വസ്തു വിൽപ്പന കരാറുകളിലും ഉൾപ്പെടുകയോ, ഉൾപ്പെടുത്തു കയോ ചെയ്തിട്ടില്ലാത്തതും,പട്ടിക വസ്തു സർക്കാർ പുറമ്പോക്കിലോ നിക്ഷിപ്ത വനഭൂമിയിലോ പാരിസ്ഥിതിക ദുർബല പ്രദേശം,മിച്ച ഭൂമി,പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് പതിച്ച് പട്ടയം കൊടുത്ത വസ്തുവിലോ,സർക്കാർ വക തർക്ക ഭൂമിയിലോ ഉൾപ്പെട്ടതല്ലെന്നും,കേരള ഭൂ പരിഷ്കരണ നിയമ വ്യവസ്ഥാനുസ രണം, കൈവശം വെയ്ക്കാവുന്ന പരിധിയിൽ കവിഞ്ഞ ഭൂമി ഞങ്ങളുടെ കൈവ ശത്തിലോ ഉടമസ്ഥതയിലോ ഇല്ലെന്നും പട്ടിക വസ്തു ലാന്റ് സീലിംഗ് കേസു കളിൽ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ലെന്നും,പട്ടിക വസ്തു വകകൾ നാഷണൽ ട്രസ്റ്റ് ആക്റ്റിൽ പരാമർശിക്കുന്ന വൈകല്യമുള്ള വ്യക്തികൾക്ക് അവകാശ പ്പെട്ട ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതല്ലെന്നും ഈ ആധാരം മൂലം ടി.ആക്റ്റിൽ പറയുന്ന വൈകല്യമുള്ളവരുടെ താത്പര്യങ്ങൾ ലംഘിക്കപ്പെടുകയോ ഹനി ക്കപ്പെടുകയോ ചെയ്യുന്നില്ലാ എന്നും നിങ്ങളെ പറഞ്ഞ് വിശ്വസിപ്പിച്ചിരിക്കുന്നു.

1.എസ്.യാസിർ [signature] 2.എ.കെ.സജിത [signature]

മേൽ പ്രകാരമുള്ള താഴെ പട്ടികയിൽ വിവരിക്കുന്ന വസ്തു വകകളിൽ ഞങ്ങ ൾക്കുള്ള ഉടമസ്ഥാവകാശം,കൈവശം,സ്വാതന്ത്ര്യം,അനുബന്ധ ഈസ്മെന്റ് മുതലായ സകലവിധ അവകാശങ്ങളും ഇതിനാൽ ഒഴിഞ്ഞ് ഈ ആധാര പ്രകാരം നിങ്ങളുടെ പേർക്ക് തീറെഴുതി തന്നിരിക്കുന്നു.

ഈ ആധാര പ്രകാരം വിലയ്ക്കു തരുന്ന അരൂർ ഗ്രാമ പഞ്ചായത്ത് അതിർത്തി യിലുള്ള പട്ടിക വസ്തുക്കളുടെ പ്രതിഫല തുകയായ Rs.375,000/-മൂന്നു ലക്ഷത്തി എഴുപത്തയ്യായിരം രൂപയ്ക്ക് Rs.30,000/-മുപ്പതിനായിരം രൂപയുടെ മുദ്ര ചുമത്തിയിരിക്കുന്നു.

മേൽ പ്രകാരമെല്ലാം പറഞ്ഞ് ഉത്തമ വിശ്വാസപ്പെടുത്തിയിട്ടുള്ളതിന് വിപരീത മായോ,മറ്റേതെങ്കിലും തരത്തിലോ ഈ ആധാരം മുഖേന വിലയ്ക്കു തരുന്ന പട്ടിക വസ്തുക്കളെ സംബന്ധിച്ച് നിങ്ങൾക്ക് വല്ല കഷ്ട നഷ്ടങ്ങൾക്കും ഇട വരുന്നതായാൽ ആവിധമുണ്ടാകാവുന്ന സകല നഷ്ടങ്ങൾക്കും ബാദ്ധ്യത കൾക്കും ഞങ്ങളും ഞങ്ങളുടെ സ്വത്തുക്കളും ഉത്തരവാദിയാകുന്നു.

മേൽ വിവരിച്ച അസ്സൽ ആധാര പ്രകാരം ബാക്കി വസ്തു ഉള്ളതിനാൽ അസ്സൽ ആധാരം നൽകാതെ ടി.ആധാരത്തിന്റെ കോപ്പി,കരം അടച്ച രസീതിന്റെ കോപ്പി,മുതലായ എല്ലാവിധ രേഖകളും ഇന്നേ ദിവസം ഇതിനോടൊപ്പം നിങ്ങൾക്ക് നൽകിയിരിക്കുന്നു.

1.എസ്.യാസിർ      2.എ.കെ.സജിത

## വസ്തു വിവര പട്ടിക.

| | |
|---|---|
| 1. ക്രമ നമ്പർ<br>2. ജില്ല<br>3. ഉപജില്ല<br>4. താലൂക്ക്<br>5. വില്ലേജ്<br>6. മുറി<br>7. പഞ്ചായത്ത് | 1<br>ആലപ്പുഴ<br>കുത്തിയതോട്<br>ചേർത്തല<br>എഴുപുന്ന<br>ചന്തിരൂർ<br>അരൂർ |
| 8. റീ സർവ്വെ ബ്ലോക്ക് നമ്പർ<br>9. റീ സർവ്വെ നമ്പർ<br>10.റീ സർവ്വെ സബ് ഡിവിഷൻ നമ്പർ | ഇല്ല<br>ഇല്ല<br>ഇല്ല |
| 11.പഴയ സർവ്വെ നമ്പർ<br>12.പഴയ സർവ്വെ സബ് ഡിവിഷൻ നമ്പർ<br>13. വിസ്തീർണ്ണം/ആർസ്<br>ച.മീറ്റർ | 144 (നൂറ്റി നാൽപ്പത്തി നാല്)<br>1 (ഒന്ന്)<br>02 (പൂജ്യം രണ്ട്)<br>02 (പൂജ്യം രണ്ട്) |
| 14. അവകാശത്തിന്റെ സ്വഭാവം,<br>ഭൂമിയുടെ തരം | ജന്മം<br>പുരയിടം |
| 15. വിൽക്കുന്ന വ്യക്തികളുടെ<br>തണ്ടപ്പേർ | 17435 |
| 16. വാങ്ങുന്ന വ്യക്തികളുടെ<br>ടി.വില്ലേജിലെ തണ്ടപ്പേർ നമ്പർ | ഇല്ല |
| 17.വസ്തു വിവരണം.സർവ്വെ നമ്പർ 144/1 ലെ 47.35 ആർസ് ആകെ വിസ്തീർണ്ണമുള്ള പുരയിടത്തിൽ നിന്നും മേൽ വിവരിച്ച തീറാധാര പ്രകാരം ഞങ്ങൾക്ക് സിദ്ധിച്ച് വില്ലേജ് രേഖ പ്രകാരം ഭൂ നികുതി അടച്ചു വരുന്ന സർവ്വെ നമ്പർ 144/1-2 ലെ 03.76 ആർസ് പുരയിടത്തിൽ മേക്കു ഭാഗത്തായി വടക്ക് മേക്ക് മൂലയിൽ നിന്നും തെക്ക് ചാഞ്ഞ് കിഴക്കോട്ട് 04.40, അവിടെ നിന്നും വടക്ക് ചാഞ്ഞ് കിഴക്കോട്ട് 11.20,അവിടെ നിന്നും തെക്കോട്ട് 13.60,അവിടെ നിന്നും പടിഞ്ഞാട്ട് 12.20,അവിടെ നിന്നും വടക്ക് ചാഞ്ഞ് പടിഞ്ഞാട്ട് 02.20, അവിടെ നിന്നും വടക്കോട്ട് ആദ്യം അളവാരംഭിച്ച സ്ഥാനം വരെ 13.50 ഉം മീറ്റർ വീതം അളവുകളോട് കൂടി താഴെ വിവരിക്കുന്ന അതിരുകൾക്കുള്ളിൽ നിങ്ങൾക്ക് അളന്നു തിരിച്ചു നൽകിയ 02.02 ആർസ് (പൂജ്യം രണ്ട് ആർസ് പൂജ്യം രണ്ട് ചമീറ്റർ)വിസ്തീർണ്ണമുള്ള പുരയിടവും,വൃക്ഷങ്ങളും, സകല അവ കാശങ്ങളുമാകുന്നു. | |

1.എസ്.യാസിർ 2.എ.കെ.സജിത

| 18. | അതിരുകൾ. |
|---|---|
| കിഴക്ക് | ഞങ്ങളുടെ ബാക്കി പുരയിടം |
| വടക്ക് | ഷാജി വക പുരയിടം |
| പടിഞ്ഞാറ് | പഞ്ചായത്ത് റോഡ് |
| തെക്ക് | പഞ്ചായത്ത് റോഡ് |

മേൽ പ്രകാരം പൂർണ്ണമായി സമ്മതിച്ച് താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ വച്ച് ഞങ്ങളും ഞങ്ങളുടെ മുമ്പാകെ വച്ച് സാക്ഷികളും മേൽ പറഞ്ഞ തീയ്യതിയായ ഇന്നേ ദിവസം ഈ തീറാധാരത്തിൽ ഒപ്പിട്ടിരിക്കുന്നു.

ഒപ്പിട്ടു കൈമാറി കൊടുത്ത.

1.എസ്.യാസിർ

2.എ.കെ.സജിത

സാക്ഷികൾ.1.എഴുപുന്ന വില്ലേജിൽ,ചന്തിരൂർ പി.ഒ,പിൻ കോഡ് നമ്പർ 688537, കാദരിയ മൻസിൽ ഷംസുദ്ദീൻ മകൻ മതാദ്ധ്യാപകൻ അബ്ദുൾ വഹാബ്

2.തൈക്കാട്ടുശ്ശേരി വില്ലേജിൽ,തൈക്കാട്ടുശ്ശേരി പി.ഒ,പിൻ കോഡ് നമ്പർ 688528, അടുവയിൽ രാധാകൃഷ്ണൻ നായർ ഭാര്യ ഗൃഹഭരണം സേതു ലക്ഷ്മി

തയ്യാറാക്കിയത്.അരൂർ വില്ലേജിൽ ചന്തിരൂർ പി.ഒ, പിൻ കോഡ് 688537. ദാറുൽ ഹറമിൽ മീതീൻ കുട്ടി റ്റി.എ. അഡ്വക്കേറ്റ്. കെ. 238/98

ഈ ആധാരം കമ്പ്യൂട്ടർ പ്രിന്റാകുന്നു.

വെട്ടു തിരുത്തില്ല.

1.എസ്.യാസിർ

2.എ.കെ.സജിത